<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1486**

15.2.2016-ൽ മറുപടിക്ക്

## ട്രേഡ് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ** | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) നഗരങ്ങളിലെ കടകൾക്ക് ട്രേഡ് ലൈസൻസ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മാനദണ്ഡങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | (എ) ഉണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 447-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ട്രേഡ് ലൈസൻസ് അനുവദിക്കുന്നത്.<br><br>ബന്ധപ്പെട്ട വ്യവസായത്തിന്റെ/ ഫാക്ടറിയുടെ/സ്ഥലത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും കൗൺസിൽ തീരുമാന പ്രകാരം യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ലൈസൻസ് നൽകുകയോ പൊതു താൽപര്യാർത്ഥം നിരസിക്കുകയോ ചെയ്യുന്നതാണ്. ലൈസൻസിന്റെ കാലാവധി അതിൽ പറയുന്ന പ്രകാരമോ അല്ലേങ്കിൽ 3 വർഷം തികയുമ്പോൾ അവസാനിക്കുന്നതോ ആണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈസൻസിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ അത് ആവശ്യമുള്ള ആദ്യത്തെ തീയതിക്കു മുമ്പ് അല്ലെങ്കിൽ ലൈസൻസ് അവസാനിക്കുന്ന തീയതിക്കു മുമ്പ് 30 ദിവസത്തിനുള്ളിൽ കുറയാതെയും തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ കൊടുത്തിരി-ക്കേണ്ടതാണ്. സർക്കാരിന്റെ 25.7.2011 ലെ |

...2/-

വിജ്ഞാപനം സ.ഉ.(അ) 24/2011/തസ്വഭവ നമ്പർ പ്രകാരം 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 447, 448, 449, 450, 453, 454, 456, 459, 460, 462, 469, 470, 492 എന്നീ വകുപ്പുകൾക്ക് 565-ാം വകുപ്പിനോട് കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ